**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഡി.വൈ.എസ്.പി റാങ്കിലുള്ള ഒരു പോലീസ് ഓഫീസർ</u>

1793 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ഡി. വൈ.എസ്.പി. റാങ്കിലുള്ള ഒരു പോലീസ് ആഫീസറും കുറ്റാന്വേഷണ ക്രമസമാധാന പാലന സംവിധാനവും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ അധികരിച്ചുവരുകയാണോ കുറഞ്ഞുവരുകയാണോ എന്നത് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് കൈവശമുള്ള വസ്തുതകൾ വിശദീകരിക്കാമോ ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

### പോലീസ് ഉദ്യോഗസ്ഥരുടെ ജോലിഭാരം മൂലമുള്ള മാനസിക സമ്മർദ്ദം

1794 ശ്രീ. കെ.എൻ.എ. ഖാദർ
,, എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജോലി സമ്മർദ്ദം മൂലം പോലീസ് ഉദ്യോഗസ്ഥർക്കിടയിൽ ശാരീരിക, മാനസിക പ്രശ്നങ്ങൾ ഉണ്ടാകുന്നതായ എന്തെങ്കിലും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സമ്മർദ്ദസാഹചര്യങ്ങളൊഴിവാക്കി, പ്രശ്നപരിഹാരം കണ്ടെത്തുന്നതിനും പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് സേവനം കൂടുതൽ ജനോപകാരപ്രദമാക്കാനും എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>സൈബർ കുറ്റകൃത്യങ്ങൾ</u>

1795 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങളെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം സാങ്കേതിക വിദ്യകൾ സജ്ജീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശത്ത് വച്ച് സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ഉള്ളത് ;

(സി) സൈബർ നിയമം കൂടുതൽ പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>മോഷണം, മയക്കുമരുന്നുകച്ചവടം എന്നിവ തടയുന്നതിനായി സ്പെഷ്യൽ കോമ്പിംഗ്</u>

1796 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോഷണം, മയക്കുമരുന്നു കച്ചവടം തുടങ്ങിയവ തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സ്പെഷ്യൽ കോമ്പിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ : വിശദാംശങ്ങൾ നല്കാമോ ;

(ബി) ഇപ്രകാരം ഏർപ്പെടുത്തിയ ദൗത്യം വിജയകരമായിരുന്നോ ; വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് കൂടുതൽ ഇടങ്ങളിലേക്ക് പ്രസ്തുത ദൗത്യം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>പോലീസ് സേനയും ജനങ്ങളും തമ്മിലുള്ള അനുപാതം</u>

1797 ശ്രീ. പി. സി. വിഷ്ണുനാഥ്
'' ഷാഫി പറമ്പിൽ
'' ആർ. സെൽവരാജ്
'' ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയും ജനങ്ങളും തമ്മിൽ ആവശ്യമായ അനുപാതം കൊണ്ടുവരുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി പൊലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം

(സി) സേനയുടെ അംഗബലം എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

ലോകായുക്തയെ ശക്തിപ്പെടുത്തൽ

1798 ശ്രീ. കെ. ശിവദാസൻ നായർ
'' ജോസഫ് വാഴക്കൻ
'' കെ. മുരളീധരൻ
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകായുക്തയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) നിലവിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(സി) ലോക്പാൽ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ ലോകായുക്തക്ക് കൂടുതൽ അധികാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>പോലീസുദ്യോഗസ്ഥരുടെ ക്രിമിനൽ ബന്ധം</u>

1799 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ ക്രിമിനൽ ബന്ധമുള്ളവർ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കണക്ക് പ്രകാരം എത്ര പോലീസ് ഉദ്യോഗസ്ഥർക്കാണ് ക്രിമിനൽ ബന്ധമുള്ളത്; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കൈക്കൂലിക്കേസിൽ പ്രതികളായ എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ട്; അവർ ആരെല്ലാമെന്ന് ഔദ്യോഗിക പദവി ഉൾപ്പെടെ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

2007–ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ടിന്മേൽ നിയമഭേദഗതി

1800 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007–ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് കൂടുതൽ ഫലപ്രദമാക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിനും ബ്ലേഡ് മാഫിയയെ നേരിടുന്നതിനും എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>മനുഷ്യാവകാശ സംരക്ഷണത്തിനായി തുടങ്ങിയ പുതിയ സംരംഭങ്ങൾ</u>

1801 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആഭ്യന്തര വകുപ്പ് മനുഷ്യാവകാശ സംരക്ഷണത്തിനായി തുടങ്ങിയ പുതിയ സംരംഭങ്ങൾ എത്രയെണ്ണം; അവ ഏതെല്ലാം; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ നിന്ന് അനധികൃതമായി കുട്ടികളെ കൊണ്ടിവരുന്നത് അന്വേഷണത്തിൽ</u>

1802 ഡോ.ടി.എം. തോമസ് ഐസക്
ശ്രീ. എ.കെ. ബാലൻ
,, രാജു എബ്രഹാം
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ അനധികൃതമായി കടത്തിക്കൊണ്ടു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനാഥാലയങ്ങളും മറ്റും കേന്ദ്രീകരിച്ച് കുട്ടികളെ കടത്തിക്കൊണ്ട് വരുന്നത് എന്തിനാണെന്നും ഇടപാടുകാർ ആരൊക്കെയാണെന്നും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇത്തരത്തിൽ കടത്തിക്കൊണ്ടുവന്ന കുട്ടികളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വിശദാക്കാമോ;

(ഡി) കുട്ടികളെ കടത്തിയതോ വില്പന നടത്തിയതോ അനധികൃതമായി താമസിപ്പിച്ചതോ ആയിട്ടുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; നിലവിലുള്ള കേസുകളിൽ നാളിതുവരെ എത്ര പേർ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്;

(ഇ) അനധികൃതമായി കുട്ടികളെ താമസിപ്പിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ട കേന്ദ്രങ്ങൾ ഏതൊക്കെ നിലയിലുള്ളതാണ്; വിശദമാക്കാമോ;

(എഫ്) കുട്ടികളെ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രശ്നങ്ങളെ കുറിച്ച് സമഗ്ര അന്വേഷണം നടത്താൻ തയ്യാറാകുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>സംസ്ഥാനത്തു നിന്നും കാണാതാകുന്നതും</u>
<u>കൊണ്ടുവരുന്നതുമായ കുട്ടികൾ</u>

1803 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി.എസ്. സുനിൽ കുമാർ
'' ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്നും കുട്ടികളെ കാണാതാകുന്നതും സംസ്ഥാനത്തേക്ക് നൂറുകണക്കിന് കുട്ടികളെ കൊണ്ടു വരുന്നത് സംബന്ധിച്ചുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഇതുവരെ ഇത്തരത്തിലുള്ള എത്ര കേസുകൾ എടുത്തതായി വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തു നിന്നും കാണാതായ കുട്ടികളിൽ എത്ര പേരെ ഇതിനകം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ സംസ്ഥാനത്തേക്ക് കൊണ്ടുവന്നിട്ടുള്ള കുട്ടികളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ഡി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>അനധികൃതമായി കുട്ടികളെ കടത്തൽ</u>

1804 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് ഏതെല്ലാം സ്ഥലങ്ങളിൽ നിന്നുമുള്ള കുട്ടികളെയാണ് കടത്തികൊണ്ടുവന്നിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ നിന്ന് ഏതൊക്കെ പ്രായത്തിലുള്ള കുട്ടികളെയാണെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം ഓർഫനേജുകളിലാണ് കുട്ടികളെ താമസിപ്പിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) കുട്ടികളെ സംസ്ഥാനത്തേയ്ക്ക് കൊണ്ടു വരുന്നതിന് ആരാണ് നേതൃത്വം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ രീതിയിൽ അനധികൃതമായി കുട്ടികളെ കൊണ്ടുവന്നതിന് ഉത്തരവാദികളായവർക്കെതിരെ പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

ഓപ്പറേഷൻ കുബേര

1805 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായുള്ള കേസുകളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ആരെയൊക്കെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ ഔദ്യോഗിക സ്ഥാനത്തിരിക്കുന്നവരുടെ വീടുകളോ മറ്റോ റെയിഡു നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇവരുടെ രാഷ്ട്രീയ ബന്ധവും കേസുകളുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

അനധികൃത പണമിടപാട് സ്ഥാപനങ്ങൾ

1806 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായ റെയ്ഡിൽ പിടിച്ചെടുത്തിട്ടുള്ള പണം, സ്വർണ്ണം മറ്റു വിലപിടിപ്പുള്ള രേഖകൾ എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമുക്കാമോ;

(ബി) കുറ്റക്കാർക്കെതിരെ കർശന നപടി സ്വീകരിക്കുന്നതിന് നിയമത്തിനുള്ള പോരായ്മ പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ചിട്ടി, സ്വകാര്യ സ്വർണ്ണപണയ സ്ഥാപനങ്ങൾ പണം കടം കൊടുക്കുന്ന സ്ഥാപനങ്ങൾ എന്നിവ സർക്കാർ ധനകാര്യ സ്ഥാപനങ്ങളും പൊതുമേഖലാ ബാങ്കുകളും ഈടാക്കുന്ന നിരക്കിൽതന്നെയാണോ ഉപഭോക്താവിൽ നിന്നും പലിശ ഈടാക്കുന്നത് എന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഈടാക്കുന്ന പലിശതുകയ്ക്ക് ഔദ്യോഗികമായ രസീതു നൽകാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ഓപ്പറേഷൻ കുബേര - കൊല്ലം ജില്ല</u>

1807 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ കുബേര' പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ജില്ലയിലെ അംഗീകൃത പണമിടപാട് സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ആയവ പ്രവർത്തിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) 'ഓപ്പറേഷൻ കുബേര' പ്രകാരം നടപടികൾ സ്വീകരിക്കുമ്പോൾ വൻ ഇടപാടുകാർ ഒഴിവാക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>ഓപ്പറേഷൻ കുബേര</u>

1808 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ കുബേര' പ്രകാരം എത്ര രൂപ പിടിച്ചെടുത്തു; ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) ഓപ്പറേഷൻ കുബേരയിൽ പ്രതികളായവരെ ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

ഓപ്പറേഷൻ കുബേര -വൻകിട ബിസിനസുകാരെ ഒഴിവാക്കൽ

1809 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി നാളിതുവരെ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദമായ വിവരങ്ങൾ നൽകാമോ;

(ബി) ഏതെല്ലാം വകുപ്പുകൾ ഈ കേസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നടപടിയുടെ ഭാഗമായി ചെറിയ തോതിൽ ബ്ലേഡ് ബിസിനസ്സ് നടത്തുന്നവരെയാണ് പോലീസ് അറസ്റ്റ് ചെയ്യുന്നതെന്നും വൻകിട ബ്ലേഡുകാർക്കെതിരെ നടപടി എടുക്കാൻ പോലീസിന് കഴിയുന്നില്ലെന്നും ഉള്ള പത്രദൃശ്യമാധ്യമങ്ങളുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിണ്ടോ; പ്രസ്തുത ആരോപണം സംബന്ധിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കാമോ; അല്ലെങ്കിൽ വസ്തുതയുടെ അടിസ്ഥാനത്തിൽ വിശദീകരണം നൽകാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ജനമൈത്രി സുരക്ഷ പദ്ധതിയുടെ ഭാഗമായിട്ടുള്ള സെമിനാർ</u>

1810 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനമൈത്രി സുരക്ഷ പദ്ധതിയുടെ ഭാഗമായി നിയമവിരുദ്ധമായി അമിത പലിശയ്ക്ക് പണം നൽകുന്നവരെ നേരിടുന്നതിനെ സംബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത് എന്തെല്ലാം വിഷയങ്ങളാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സെമിനാറിൽ പങ്കെടുത്തിട്ടുള്ളത് ഏതെല്ലാം വിഭാഗങ്ങളിൽ നിന്നുള്ളവരാണ്; വ്യക്തമാക്കാമോ;

(ഡി) സെമിനാറിൽ ചർച്ച ചെയ്ത വിഷയങ്ങളുടെ കാര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ഓപ്പറേഷൻ കുബേരപ്രകാരം അറസ്റ്റിലായ സ്ത്രീകൾ</u>

1811 ശ്രീ. പി.റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഓപ്പറേഷൻ കുബേരയനുസരിച്ച് അറസ്റ്റിലായ സ്ത്രീകളുടെ വിശദവിവരങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

ഓപ്പറേഷൻ കുബേരയും നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കൂട്ട ആത്മഹത്യയും

1812 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ ഒഴികെയുള്ള മറ്റ് സർക്കാർ ഉദ്യോഗസ്ഥർ, അർദ്ധ സർക്കാർ ഉദ്യോഗസ്ഥർ, പൊതുമേഖലാ ഉദ്യോഗസ്ഥർ, സഹകരണ ജീവനക്കാർ എന്നിവരുടെ എണ്ണം എത്രയാണ്;

(ബി) ഓപ്പറേഷൻ കുബേര പ്രകാരം എത്ര കോടി രൂപ കണ്ടെടുത്തിട്ടുണ്ട്;

(സി) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കിഴക്കേമുക്കോല ഈഴക്കോട് എന്ന സ്ഥലത്ത് ഒരു കുടുംബത്തിലെ അഞ്ച് പേർ ആത്മഹത്യ ചെയ്തത് സംബന്ധിച്ച് പോലീസ് എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തു;

(ഡി) ആത്മഹത്യയുടെ കാരണം പോലീസ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ആത്മഹത്യ ചെയ്തവരുടെ വീട് അന്യായമായി കൈവശപ്പെടുത്തിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ജി) മരിച്ചു പോയവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>കൊള്ളപ്പലിശക്കാരുടെ ഭീഷണിയെ തുടർന്നുള്ള കൂട്ടമരണം</u>

1813 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊള്ളപലിശക്കാരുടെ ഭീഷണിയെതുടർന്ന് എത്രപേർ സ്വന്തം കുടുംബാംഗങ്ങളെ വധിക്കുകയോ ആത്മഹത്യക്ക് പ്രേരിപ്പിക്കുകയോ ചെയ്തിട്ടുണ്ട് ;

(ബി) ഇത്തരത്തിൽ കൂട്ടമരണം നടന്ന കുടുംബത്തിൽ അവശേഷിക്കുന്നവരെ സഹായിക്കാൻ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊള്ളപലിശ വാങ്ങിയതിന് എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ;

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ഓപ്പറേഷൻ കുബേര</u>

1814 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊള്ളപ്പലിശക്കാരെയും ബ്ലേഡ്മാഫിയക്കാരെയും കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേരയിലൂടെ എത്ര ധനകാര്യസ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്; ഇതിൽ ക്രമക്കേടുകൾ കണ്ടെത്തിയ എത്ര സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) നിയമാനുസൃതമല്ലാത്ത പണമിടപാട് സ്ഥാപനങ്ങൾക്ക് മേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും കൊള്ളപ്പലിശക്കാരെയും ബ്ലേഡുമാഫിയക്കാരെയും നിയന്ത്രിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ബ്ലേയ്ഡ് മാഫിയയുടെ ഭീഷണിമൂലം ആത്മഹത്യ</u>

1815 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലേയ്ഡ് മാഫിയകളുടെ ഭീഷണിമൂലവും കടക്കെണിമൂലവും കേരളത്തിൽ നാളിതുവരെ എത്രപ്പേർ ആത്മഹത്യ ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>മണിലെന്റേഴ്സ് ആക്ട് പ്രകാരം നടപടി</u>

1816 ശ്രീ. എളമരം കരീം
,, സി. കെ. സദാശിവൻ
,, കെ. വി. വിജയദാസ്
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് കമ്പനിയും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും വായ്പ എടുക്കുന്നവരെ ചൂഷണം ചെയ്യുന്നത് തടയാൻ മണി ലെന്റേഴ്സ് ആക്ട് പ്രകാരം സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) അമിത പലിശ ഈടാക്കുന്നവർക്കെതിരെ നിയമാനുസൃതം സ്വീകരിക്കാവുന്ന നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ടോ; നിയമവിരുദ്ധമായി പ്രവർത്തിച്ച എത്ര ലൈസൻസികൾക്കെതിരെ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്; റിസർവ്വ് ബാങ്ക് ലൈസൻസില്ലാതെ എത്ര സ്ഥാപനങ്ങൾ വായ്പായിടപാടുകൾ നടത്തുന്നുണ്ടെന്നുള്ള കണക്കുകൾ ലഭ്യമാണോ;

(സി) ബ്ലേഡ് മാഫിയകൾക്ക് തഴച്ച് വളരാനുള്ള സാഹചര്യം ഏതെല്ലാം നിലയിലാണ് സൃഷ്ടിക്കപ്പെട്ടതെന്ന് പരിശോധിച്ചിട്ടുണ്ടോ; സർക്കാർ സംവിധാനങ്ങളുടെ പോരായ്മ ഈ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>അനധികൃത പണമിടപാട് സ്ഥാപനങ്ങൾ</u>

T1817 ശ്രീ. പി. ഉബൈദുള്ള
,, എൻ. എ. നെല്ലിക്കുന്ന്
,, എം. ഉമ്മർ
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത പണമിടപാട് സ്ഥാപനങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലൈസൻസ് ഉള്ളവയും ഇല്ലാത്തവയുമായ പണമിടപാട് സ്ഥാപനങ്ങൾ ജനങ്ങളെ കബിളിപ്പിച്ച് കോടികൾ തട്ടിയെടുത്ത് മുങ്ങുന്ന നടപടിക്കെതിരെ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരത്തിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും എത്ര തുകയുടെ തട്ടിപ്പാണ് ഇതു മുഖേന ഉണ്ടായിട്ടുള്ളതെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>സ്വാശ്രയസംഘങ്ങളും കുടുംബശ്രീയും</u>
<u>നടത്തുന്ന പണമിടപാടുകൾ</u>

1818 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സംഘങ്ങളും കുടുംബശ്രീകളും നടത്തുന്ന പണമിടപാടുകൾ പരിശോധിക്കുവാനും ഇതിന്റെ മറവിൽ അന്യായമായ പലിശ ഈടാക്കുന്നത് തടയുവാനും ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തുകൊണ്ടാണ് ഇപ്രകാരം തീരുമാനം സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) സ്വാശ്രയ സംഘങ്ങളുടെ ഇപ്രകാരമുള്ള പണമിടപാടുകൾ നിയമവിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

**കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്റ്റ് – പാലക്കാട് ജില്ല**

1819 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എ.പി.എ. നിയമ പ്രകാരം പാലക്കാട് ജില്ലയിൽ എത്ര പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; ഓരോരുത്തരും ചെയ്ത കുറ്റകൃത്യങ്ങൾ എന്തെല്ലാം ; ഓരോരുത്തരുടേയും എഫ്.ഐ.ആറിലെ കുറ്റകൃത്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പാലക്കാട് ജില്ലയിലെ ഏതെങ്കിലും രാഷ്ട്രീയ പ്രവർത്തകനെ കെ.എ.പി.എ. പ്രകാരം കേസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്കെതിരെയെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയെ പോലീസ് കെ.എ.പി.എ. യിൽ ഉൾപ്പെടുത്തിയത് സ്റ്റേറ്റ് അഡൈ്വസറി ബോർഡ് തെറ്റാണെന്ന് കണ്ടെത്തുകയോ, റദ്ദ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കള്ളക്കേസ് എടുത്ത് കെ.എ.പി.എ.പ്രകാരമുള്ള നടപടിയിൽ ഉൾപ്പെടുത്തിയ സംഭവം പാലക്കാട് ജില്ലയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) എങ്കിൽ കള്ളക്കേസ് എടുത്ത പോലീസ് ഉദ്യോഗസ്ഥന്മാർക്കെതി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>മണിചെയിൻ തട്ടിപ്പും വിസാ തട്ടിപ്പും</u>

1820 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ മണിചെയിനുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മണി ചെയിനുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ തട്ടിപ്പ് നടന്നുവെന്നാണ് കണക്കാക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് വിസ തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

കല്ലുയം കിഴക്കേ മുക്കോലയിലെ അഞ്ചംഗ കുടുംബത്തിന്റെ ആത്മഹത്യ

1821 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എസ്. ശർമ്മ
,, എം. ഹംസ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലുയം കിഴക്കേ മുക്കോലയിലെ അഞ്ചംഗ കുടുംബത്തിന്റെ ആത്മഹത്യയ്ക്ക് ഉത്തരവാദികളായ ബ്ലേഡ് മാഫിയക്കാർക്കെതിരെ സ്വീകരിച്ച പോലീസ് നടപടികൾ വിശദമാക്കാമോ;

(ബി) കുറ്റക്കാരായ ബ്ലേഡ് മാഫിയ സംഘത്തിന്റെ നേതൃത്വത്തിൽ വൻ റാക്കറ്റ് ജില്ലയിലാകെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെല്ലാം പോലീസ് കസ്റ്റഡിയിലാണോ;

(സി) ബ്ലേഡ് മാഫിയയുടെ ഭീഷണിമൂലം ഗത്യന്തരമില്ലാതെ കുടുംബം ആത്മഹത്യ ചെയ്ത സംഭവം സംബന്ധിച്ച് അന്വേഷിക്കുന്ന പോലീസ് സംഘം ഇതിനകം എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; യഥാർത്ഥ എല്ലാ കുറ്റവാളികളെയും അറസ്റ്റു ചെയ്യാൻ സാദ്ധ്യമായിട്ടുണ്ടോ; ആത്മഹത്യാകുറിപ്പിൽ പരാമർശിക്കപ്പെട്ടയാളും സ്ഥലത്തെ പോലീസ് സേനയിലെ ചിലരും തമ്മിലുള്ളതായി പറയപ്പെടുന്ന ബന്ധം അന്വേഷണവിധേയമാക്കിയിട്ടുണ്ടോ; പോലീസ് സഹായത്തോടെ ഏതെല്ലാം കേസുകളിൽ നിന്ന് ഇയാൾ രക്ഷപ്പെടുകയുണ്ടായിട്ടുണ്ട്;

(ഡി) ആത്മഹത്യയ്ക്ക് മുമ്പ് ഈ കുടുംബത്തിൽ നിന്ന് പോലീസിനു ലഭിച്ച പരാതികളിൽ നിയമാനുസൃതമായ നടപടികൾ ഉണ്ടാകാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പണം കൊള്ളപലിശയ്ക്കു കൊടുത്തതുമായി ബന്ധപ്പെട്ട കേസുകൾ</u>

1822 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പണം കൊള്ളപലിശയ്ക്ക് വായ്പ കൊടുക്കുന്നതുമായി ബന്ധപ്പെട്ട കേസുകളിൽ ഉൾപ്പെട്ട പോലീസുകാരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(ബി) ജനങ്ങളുടെജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതായ പോലീസുദ്യോഗസ്ഥർ കൊള്ള പലിശയ്ക്കു പണം വായ്പകൊടുക്കുന്നു. ബ്ലയിഡു മാഫിയകളുടെ സംരക്ഷകരായി പ്രവർത്തിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്നു എന്നീ ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്താക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

പോലീസുദ്യോഗസ്ഥനായ ശ്രീ. അനിൽകുമാറിന്റെ ബ്ലേഡ് മാഫിയാ പ്രവർത്തനങ്ങൾ

1823 **ശ്രീ. ആർ രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥനായ മാവേലിക്കര വള്ളികുന്നം വാളാച്ചാൽ പുത്തനാലയ്ക്കൽ അനിൽകുമാറിന്റെ ബ്ലേഡ് മാഫിയാ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പോലീസ് ഉദ്യോഗസ്ഥനെതിരെ കണ്ണനാക്കുഴി എള്ളും വിളയിൽ വിജയമ്മ നൽകിയ പരാതിയിന്മേൽ പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പോലീസ് ഉദ്യോഗസ്ഥനെതിരെ വള്ളികുന്നം കടവുങ്കൽ കുളത്തിന്റെ കിഴക്കതിൽ ഷീബാബീവി നൽകിയ പരാതിയിന്മേൽ കേസെടുത്തിട്ടുണ്ടോ;

(ഡി) രണ്ട് പരാതികളിന്മേലും പ്രസ്തുത പോലീസ് ഉദ്യോഗസ്ഥനെതിരെ ചുമത്തിയ വകുപ്പുകൾ എതൊക്കെ;

(ഇ) പ്രസ്തുത വ്യക്തിയെ അറസ്റ്റ് ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ; ഈ പോലീസുകാരനെ സർവ്വീസിൽ നിന്നും നീക്കിയിട്ടുണ്ടോ; എന്നാണ് നീക്കിയത്; കാരണം വ്യക്തമാക്കാമോ; ടിയാനെ അടിയന്തരമായി അറസ്റ്റ് ചെയ്യുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ആന്റിടെററിസ്റ്റ് സ്ക്വാഡ്</u>

1824 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവോയിസ്റ്റുകളെ തിരയുന്ന ആന്റി ടെററിസ്റ്റ് സ്ക്വാഡിന് പ്രത്യേക അലവൻസ് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പ്രത്യേക സേനയ്ക്ക് ശമ്പള വർദ്ധനയും ആനുകൂല്യവും നൽകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ആന്റി ടെററിസ്റ്റ് സ്ക്വാഡിന് പ്രത്യേക ശമ്പള വർദ്ധനവും ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>മാവോയിസ്റ്റ് ആക്രമണ ഭീഷണി നേരിടൽ</u>

1825 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവോയിസ്റ്റ് ആക്രമണഭീഷണി നേരിടുന്ന പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ അവയെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത്തരം സ്റ്റേഷനുകളിൽ ആവശ്യത്തിന് പോലീസ് സേനയെ വിന്യസിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആക്രമണത്തെ നേരിടുന്നതിന് ആവശ്യമായ ആയുധങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം സേനയ്ക്ക് നൽകിയിട്ടുണ്ടോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>അന്യസംസ്ഥാനതൊഴിലാളികളെന്ന വ്യാജേന താമസിക്കുന്ന തീവ്രവാദികളും കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരും</u>

1826 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസ് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനതൊഴിലാളികൾ എന്ന വ്യാജേന തീവ്രവാദികളും, കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരും, കള്ളന്മാരും വ്യാപകമായി സംസ്ഥാനത്ത് താമസിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കണ്ടെത്തുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് പ്രകാരം നടപടി</u>

1827 ശ്രീ. എ. കെ. ബാലൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. സി. കൃഷ്ണൻ
" എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് രാഷ്ട്രീയക്കാർക്കെതിരെ ദുർവിനിയോഗം ചെയ്തുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാഥാർത്ഥത്തിൽ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾ നടത്തിവരുന്നവർക്കെതിരെ തന്നെ പ്രസ്തുത നിയമം നടപ്പിലാക്കാൻ തയ്യാറാകുമോ;

(സി) കള്ളനോട്ട് നിർമ്മിക്കുന്നവർ, മയക്കുമരുന്ന് കുറ്റവാളികൾ, കള്ളക്കടത്തുകാർ, വ്യാജവാറ്റുകാർ, ഹവാലതട്ടിപ്പുകാർ, ബ്ലേഡ് പലിശക്കാർ, വസ്തുകയ്യേറ്റക്കാർ ഉൾപ്പെടെയുള്ള ഗുണ്ടകൾ എന്നിവർക്കെതിരെ നിയമം പ്രയോഗിക്കാതെ രാഷ്ട്രീയ എതിരാളികളായ സാമൂഹ്യ പ്രവർത്തകർക്കെതിരെ ദുർവിനിയോഗം ചെയ്യുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആക്ടിന്റെ പരിധിയിൽ വരുന്നവർക്കെതിരെ ശക്തമായി നിലകൊള്ളാനും, ദുർവിനിയോഗം തടയാനും നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് എത്രയാളുകൾക്കെതിരെ പ്രസ്തുത ആക്ട് പ്രകാരം കേസ് എടുത്തിട്ടുണ്ട്; എത്ര കേസുകളിൽ അപ്പീൽ അതോറിറ്റി മുമ്പാകെ ഹർജ്ജികൾ വന്നു; കോടതി റദ്ദ് ചെയ്തവ എത്ര; ഇതുമായി ബന്ധപ്പെട്ട് ഇപ്പോഴും ജയിലുകളിൽ കഴിയുന്നവരെത്ര?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>ക്രമസമാധാന കുറ്റാന്വേഷണ വിഭാഗങ്ങൾ</u>

1828 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വെവ്വേറെ ആക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിന് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>സ്റ്റുഡന്‍സ് പോലീസ് കേഡറ്റ് യൂണിറ്റുകള്‍</u>

1829 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

സ്റ്റുഡന്‍സ് പോലീസ് കേഡറ്റ് യൂണിറ്റുകള്‍ അനുവദിച്ച സ്കൂളുകള്‍ക്ക് കൂടുതല്‍ പരിശീലന പദ്ധതികളും ഫണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ പരിസരത്തെ പുകയില ഉല്പന്ന വിപണക്കാർക്കെതിരെ നടപടി</u>

1830 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ പരിസരം കേന്ദ്രീകരിച്ച് പുകയില ഉല്പന്നങ്ങൾ വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്കൂൾ പരിസരത്ത് പുകയില ഉല്പന്നങ്ങൾ വിൽക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) എത്ര കേസുകൾ ആർക്കെല്ലാമെതിരെ സ്വീകരിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) സ്കൂളുകളിലെ കുട്ടിപോലീസിനെ ഉപയോഗിച്ച് ഇത്തരത്തിൽ വിപണനം നടത്തുന്നവരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>പോലീസ് കസ്റ്റഡിയിലും ജയിലിലുമുള്ള മരണം</u>

1831 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് കസ്റ്റഡിയിലും ജയിലിലുമായി എത്രപേർ മരണപ്പെട്ടിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്റ്റേഷന് അകത്തും പുറത്തുമായി പോലീസ് നടപടികളിലൂടെ എത്രപേർക്ക് പ്രസ്തുത കാലയളവിൽ പരിക്കേറ്റിട്ടുണ്ട് എന്ന് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇങ്ങനെ കസ്റ്റഡിയിലും ജയിലിലും മരണപ്പെട്ടവരുടെ കുടുംബത്തിനും പരുക്കേറ്റവർക്കും നഷ്ടപരിഹാരം നൽകാൻ മനുഷ്യാവകാശ കമ്മീഷന്റെ എത്ര ഉത്തരവുകൾ ഉണ്ടായിരുന്നു; എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; ആർക്കൊക്കെ നഷ്ടപരിഹാരം നൽകി; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മുൻ എം.പി.യുടെ ഗൺമാന്റെ മർദ്ദനമേറ്റ് മരിച്ചയാൾക്കും ഇത്തരത്തിൽ നഷ്ടപരഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ നൽകിയിട്ടുണ്ട്; ഏത് ഫണ്ടിൽനിന്നാണ് തുക നൽകിയത്; വ്യക്തമാക്കുമോ;

(ഇ) പോലീസ് ഉദ്യോഗസ്ഥരുടെ നിയമവിരുദ്ധമായ ഇത്തരം നടപടിക്ക് പൊതുഖജനാവിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിന് പകരം ഉത്തരവാദികളിൽ നിന്നും ഈടാക്കി നൽകുന്നതിന് നിയമം കൊണ്ടുവരുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

Z+, Z, Y, X കാറ്റഗറി സെക്യൂരിറ്റി

1832 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് Z+, Z, Y, X എന്നീ കാറ്റഗറി സെക്യൂരിറ്റി നൽകിയിട്ടുള്ളത് ആർക്കെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഈ കാറ്റഗറികളിൽ പെട്ടവർക്കുള്ള പ്രത്യേക അവകാശങ്ങളും സർക്കാർ നൽകിയ സംവിധാനങ്ങളും സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>അശ്വാരൂഢ സേനയുടെ സേവനം</u>

1833 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അശ്വാരൂഢസേനയിൽ നിക്ഷിപ്തമായിരിക്കുന്ന സേവനം സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) നിലവിൽ അശ്വാരൂഢസേനയെ നവീകരിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തികവർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) അശ്വാരൂഢസേനയെ ഉപയോഗിച്ച് പട്രോളിംഗ് ശക്തമാക്കുന്നതിനായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ഇറ്റാലിയൻ നാവികരെ 'സുവ' നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതായുള്ള ആക്ഷേപം</u>

1834 ശ്രീ. പി.കെ.ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇറ്റാലിയൻ കപ്പൽ എന്റിക്ക ലെക്സിയിലെ നാവികർ രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവെച്ച് കൊലപ്പെടുത്തിയ കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊലപ്പെടുത്തിയ ഇറ്റാലിയൻ നാവികരെ 'സുവ' നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതായി വന്ന വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിരുന്നോ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>നിയമവാഴ്ച ഉറപ്പാക്കുന്നതിൽ പോലീസ് സേനയുടെ വീഴ്ച</u>

1835 ശ്രീ. ജി. സുധാകരൻ
'' ജെയിംസ് മാത്യു
'' പി. റ്റി. എ. റഹീം
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമവാഴ്ച ഉറപ്പാക്കുന്നതിൽ സംസ്ഥാനത്തെ പോലീസ് സേന ഗുരുതരമായ വീഴ്ചകൾ വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറ്റ കൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതായി പറയപ്പെടുന്ന വീഴ്ചകൾ നീതി നിഷേധിക്കപ്പെടാൻ കാരണമാകുന്നതായി; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാഹ്യ ഇടപെടലുകളും കൈക്കൂലിയും കാരണം പരാതികളിന്മേൽ പോലീസ് സ്റ്റേഷനിൽ കേസുകൾ രജിസ്റ്റർ ചെയ്യാതിരിക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; പരാതിക്കാരന് രസീത് നൽകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) പോലീസിന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപങ്ങൾ വർദ്ധിച്ചിരിക്കുന്നതിനാൽ, അരാജകത്വം വർദ്ധിച്ചതായും വിവിധ തരം മാഫിയകൾ സമൂഹത്തിൽ പിടിമുറുക്കിയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്യാൻ വിമുഖത കാട്ടിയ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ ഈ സർക്കാർ ശിക്ഷാ നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിക്കെതിരായ ആക്രമണം</u>

1836 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ വെച്ച് മുഖ്യമന്ത്രിക്ക് കല്ലേറിൽ പരിക്കുപറ്റിയതായി പറയുന്ന സംഭവത്തിൽ, അക്രമം ഉണ്ടാവാൻ സാധ്യതയുണ്ടെന്ന് സംസ്ഥാന ഇന്റലിജൻസിന്റെയോ സ്പെഷ്യൽ ബ്രാഞ്ചിന്റെയോ റിപ്പോർട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) അക്രമവുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട്; എന്തൊക്കെ വകുപ്പനുസരിച്ച് ആർക്കൊക്കെ എതിരായി കേസെടുത്തു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എഫ്.ഐ.ആർ. കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സംഭവം നടക്കുന്നതിന്റെ ഒന്നര മണിക്കൂർ മുൻപ് ഡി.വൈ.എഫ്.ഐ. നേതാക്കൾ മുഖ്യമന്ത്രിയെ വധിക്കാൻ ഗൂഡാലോചന നടത്തുന്നത് താൻ കേട്ടതായി അന്നത്തെ ടൗൺ എസ്.ഐ സനൽകുമാറിന്റെ മൊഴി എഫ്.ഐ.ആറിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഇ) അക്രമം തടയാൻ നടപടി സ്വീകരിക്കാതെ ഗുരുതരമായ കൃത്യവിലോപം നടത്തിയ എസ്.ഐ. ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ടൗൺ എസ്.ഐ. കള്ളമൊഴി നൽകിയതാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) ടിയാൻ ഇക്കാര്യം ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥരെ അറിയിച്ചിരുന്നോ; ഉണ്ടെങ്കിൽ ആരെയാണ് അറിയിച്ചത്; ഇക്കാര്യം നേരത്തെ അറിഞ്ഞിട്ടും മുഖ്യമന്ത്രിയെ അക്രമം നടന്ന സ്ഥലത്ത് എത്തിച്ചതിന് ഉത്തരവാദി ആരാണ്; ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ഇടുക്കി ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിലിനെ തിരെയുള്ള വധശ്രമം</u>

1837 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എസ്. ശർമ്മ
,, കെ. സുരേഷ് കുറുപ്പ്
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിലിനെ ബിഷപ്പ് ഹൗസിനു മുന്നിൽ ബോംബെറിഞ്ഞ് വധിക്കാൻ ശ്രമിച്ചത് സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) അന്വേഷണസംഘം ആരുടെ നേതൃത്വത്തിലുള്ളതാണ്; സംഘത്തിൽ ആരൊക്കെയുണ്ട്; വ്യക്തമാക്കുമോ;

(സി) അന്വേഷണത്തിന്റെ ഭാഗമായി ആരെയെല്ലാം അറസ്റ്റുചെയ്യുകയുണ്ടായി; അറസ്റ്റ് ചെയ്യപ്പെട്ടവർ ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്;

(ഡി) വധശ്രമത്തിനു പിന്നിലുണ്ടായ ഗൂഢാലോചന സംബന്ധിച്ച അന്വേഷണം നടക്കുന്നുണ്ടോ; ഏതെല്ലാം വകുപ്പുകൾ പ്രകാരം ആർക്കെല്ലാമെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>ഗുണ്ടാ ആക്രമണങ്ങളും ക്രമസമാധാനപാലനവും</u>

1838 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ഗുണ്ടകളുടെ അക്രമണത്തില്‍ എത്ര പേര്‍ മരണപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങള്‍ അറിയിക്കാമോ?

(ബി) ഗുണ്ടകളെ നിയന്ത്രിക്കുന്നതിന് ഈ സര്‍ക്കാര്‍ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ അറിയിക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം</u>

1839 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരപരിധിക്കുള്ളിൽ 2014 ജനുവരി മാസത്തിനുശേഷം ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വ്യക്തമാക്കുമോ;

(ബി) നഗരത്തിലെ ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനം ഇല്ലാതാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>കാപ്പ നിയമ പ്രകാരമുള്ള അറസ്റ്റ്</u>

1840 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാടകക്കൊലയാളികൾ, വ്യാജമദ്യവിൽപ്പനക്കാർ തുടങ്ങിയവർക്കെതിരെ ഉപയോഗിക്കുന്ന 'കാപ്പ' നിയമം സി.പി.ഐ.(എം) പ്രവർത്തകർക്കെതിരെ വ്യാപകമായി രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടുകൂടി ഉപയോഗിക്കപ്പെടുന്നതായി പറയപ്പെടുന്ന നടപടി അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര സി.പി.ഐ.(എം) രാഷ്ട്രീയ പ്രവർത്തകർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പോലീസ് 'കാപ്പ' നിയമ പ്രകാരം എത്ര കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവര്‍ഗ്ഗ ആദിവാസി വിഭാഗങ്ങള്‍ക്ക് നേരെയുള്ള അതിക്രമം</u>

1841 ശ്രീ. എ.കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം അതിക്രമങ്ങളില്‍ പട്ടികജാതി പട്ടികവര്‍ഗ്ഗ ആദിവാസി വിഭാഗത്തില്‍പ്പെട്ടവര്‍ കൊലചെയ്യപ്പെട്ടിട്ടുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തില്‍പ്പെട്ട എത്ര സ്ത്രീകളും കുട്ടികളും അതിക്രമങ്ങള്‍ക്ക് ഇരയായിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(സി) ഈ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) അതിക്രമങ്ങളുമായി ബന്ധപ്പെട്ട എത്ര കേസുകളില്‍ എഫ്.ഐ.ആര്‍. സമര്‍പ്പിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നല്‍കുമോ ;

(ഇ) ഇതില്‍ എത്ര കേസുകളില്‍ അന്വേഷണം പൂര്‍ത്തിയാക്കി കോടതിയില്‍ വിചാരണ ആരംഭിച്ചിട്ടുണ്ട് ;

(എഫ്) എത്ര കേസുകളില്‍ വിധി പറഞ്ഞു ; എത്ര കേസുകളില്‍ പ്രതികള്‍ക്ക് ശിക്ഷ ലഭിച്ചു ; വിശദാംശങ്ങള്‍ നല്‍കുമോ ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>നിര്‍ഭയകേരളം- സുരക്ഷിതകേരളം പദ്ധതി</u>

1842 ശ്രീ. വര്‍ക്കല കഹാര്‍
,, പി. സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണന്‍
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മിഷന്‍ 676-ല്‍ ഉള്‍പ്പെടുത്തി നിര്‍ഭയ കേരളം-സുരക്ഷിത കേരളം പദ്ധതികള്‍ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതികള്‍ സമയബന്ധിതമായി നടപ്പാക്കാന്‍ ഭരണ തലത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>നിർഭയകേരളം - സുരക്ഷിതകേരളം</u>

1843 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, വി.എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർഭയ കേരളം - സുരക്ഷിതകേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) നിലവിൽ സ്ത്രീകളുടെയും, കുട്ടികളുടെയും സുരക്ഷയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതി പ്രവർത്തിക്കുന്നുണ്ടോ; അത്തരം പദ്ധതികൾ നിർഭയ കേരളം പദ്ധതിയോടൊപ്പം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പോലീസ് വകുപ്പിൽ എന്തൊക്കെ മാറ്റങ്ങൾ ആവശ്യമുണ്ടെന്നും, അവ എങ്ങനെയാണ് പ്രയോഗത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം തടയുന്നതിനുള്ള ജാഗ്രതാ സമിതികൾ</u>

1844 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സ്കൂളുകളും കോളേജുകുളും കേന്ദ്രീകരിച്ച് രൂപീകരിച്ച ജാഗ്രതാ സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പ്രസ്തുത ജാഗ്രതാ സമിതികൾക്കു സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>സ്ത്രീകളുടെ സുരക്ഷയ്ക്കായി നിയമനിർമ്മാണം</u>

1845 ശ്രീ. സണ്ണി ജോസഫ്
'' അൻവർ സാദത്ത്
'' ബെന്നി ബെഹനാൻ
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്ക് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സ്ത്രീകളുടെ സുരക്ഷയ്ക്കായി എന്തെല്ലാമാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കുറ്റ കൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>പോലീസിന്റെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ ഓട്ടോ പദ്ധതി</u>

1846 ശ്രീ. ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ പോലീസിന്റെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ ഓട്ടോ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) നഗരങ്ങളെ സ്ത്രീ സൗഹൃദമാക്കുവാനും സ്ത്രീകളുടെ യാത്രാസുരക്ഷയ്ക്കും എന്തെല്ലാമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>സ്ത്രീ പീഡനകേസുകൾ</u>

1847 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്ത്രീ പീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ കേസ്സുകളിൽ എത്ര എണ്ണത്തിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ എത്ര സ്ത്രീ പീഡന കേസ്സുകൾ ഉണ്ട്; എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>സ്ത്രീ കൊലപാതകങ്ങൾ</u>

1848 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം ജില്ലകളിൽ സ്ത്രീകൾ കൊലചെയ്യപ്പെട്ടിട്ടുണ്ട്; ഇതിലെ പ്രതികൾ ആരൊക്കെയാണ് വിശദമാക്കാമോ;

(ബി) ഇതിൽ ഏതെങ്കിലും കൊലപാതകം രാഷ്ട്രീയ പാർട്ടിയുടെ ഓഫീസിൽ വെച്ച് നടന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത കൊലപാതകത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിലെ പ്രതികൾ ആരൊക്കെയാണെന്നും ഈ പ്രതികൾക്കുള്ള രാഷ്ട്രീയാധികാര ബന്ധങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കേസ്സിന്റെ എഫ്. ഐ. ആറിന്റെ കോപ്പി ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>സ്ത്രീപീഡനക്കേസുകൾ</u>

1849 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി മുതൽ 2014 ജനുവരി വരെ എത്ര സ്ത്രീപീഡനക്കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അനാഥാലയങ്ങളിലെയും പീഡനങ്ങൾ

1850 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂന്ന് വർഷങ്ങൾക്കുളളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അനാഥാലയങ്ങളിലും ഉളള കുട്ടികളും അന്തേവാസികളും പീഡിപ്പിക്കപ്പെട്ടതായുളള എത്ര കേസ്സുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ അദ്ധ്യാപകരോ ഇതര ജീവനക്കാരോ ഉൾപ്പെട്ടതായി എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽപട്ടികജാതി പട്ടിക വർഗ്ഗ- പിന്നോക്ക സമുദായ- ന്യൂനപക്ഷങ്ങളിൽപ്പെട്ട എത്ര പേർ പീഡനത്തിന് വിധേയരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ്സുകളിൽ എത്ര എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കോടതികളിൽ കുറ്റ പത്രം സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) ഇനിയും ഏതെങ്കിലും കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കാത്തതായിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>കിളിക്കോട്ടുകോണം ജിൻസ് എന്ന വ്യക്തിയുടെ അസ്വാഭാവിക മരണം</u>

1851 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസ് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ പോങ്ങനാട് കിളിക്കോട്ടുകോണം രാജേന്ദ്രന്റെ മകൻ ജിൻസ് ആസ്വാഭാവികമായി കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ടുള്ള ക്രൈം നമ്പർ.1185/13 കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേസ്സിന്റെ അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് എത്രപേരെ പ്രതി ചേർത്തിട്ടുണ്ടെന്നും പ്രതി ചേർക്കപ്പെട്ടവരുടെ പേരു വിവരം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ്സിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ചെറുപുഴ കാക്കേൻചാലിൽ മറിയക്കുട്ടി വധവുമായി ബന്ധപ്പെട്ട അന്വേഷണം</u>

1852 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ പരിധിയിൽ ചെറുപുഴ കാക്കേൻചാലിൽ കൊല ചെയ്യപ്പെട്ട മറിയക്കുട്ടിയുടെ വധവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) അന്വേഷണം പൂർത്തീകരിച്ച് കുറ്റക്കാരെ കണ്ടെത്തി നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>രാധയുടെ കൊലപാതകം</u>

1853 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
ഡോ. കെ.ടി. ജലീല്‍
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍
ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോണ്‍ഗ്രസ് ഓഫീസിലെ ജീവനക്കാരി രാധയെ കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കൊലപാതകം നടത്തിയവരെയും സഹായിച്ചവരെയും ഗൂഡാലോചന നടത്തിയവരെയും നിയമത്തിന്റെ മുന്നില്‍ കൊണ്ടുവരാന്‍ സാധിച്ചിട്ടുണ്ടോ; അവശേഷിക്കുന്നവര്‍ ആരൊക്കെ; അറസ്റ്റുചെയ്യപ്പെടാത്തവര്‍ ആരൊക്കെ എന്നിവ വ്യക്തമാക്കാമോ;

(സി) സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയ സംഘത്തില്‍ ആരൊക്കെയുണ്ടായിരുന്നു.; കൊലപാതകവുമായി ബന്ധപ്പെട്ട് പുറത്തുവന്ന സാഹചര്യത്തെളിവുകളെല്ലാം പരിഗണിക്കുകയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കേസ്സ് അട്ടിമറിക്കാന്‍ ശ്രമങ്ങള്‍ നടന്നതായുള്ള ആക്ഷേപങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>ചിറ്റൂരിലെ ആദിവാസി പെൺകുട്ടിയുടെ കൊലപാതകം</u>

1854 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ചിറ്റൂർ കമ്പാലത്തറ ആദിവാസി കോളനിയിൽ ആദിവാസി പെൺകുട്ടിയെ ഭൂഉടമ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോഴാണ് സംഭവം ശ്രദ്ധയിൽപ്പെട്ടത്; ശ്രദ്ധയിൽപ്പെട്ടതിനു ശേഷം എന്തെല്ലാം നടപടി പോലീസ് സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എത്രപേരുടെ പേരിൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആരാണ് ഒന്നാം പ്രതി; മറ്റ് പ്രതികൾ ആരെല്ലാമാണ്; ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ്സെടുത്തിട്ടുള്ളത്;

(ഡി) എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്രപേരെ ഇനി അറസ്റ്റ് ചെയ്യാനുണ്ട്; എഫ്.ഐ.ആർ കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത്?

(ഇ) കൊല ചെയ്യപ്പെട്ട പെൺകുട്ടിയുടെ ബന്ധുവായ സ്ത്രീയെ തട്ടിക്കൊണ്ടുപോയി ഒളിവിൽ പാർപ്പിച്ച് ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്ന വിവരം പോലീസിന് എപ്പോഴാണ് ലഭിച്ചത്; തുടർന്ന് എന്ത് നടപടിയാണ് പോലീസ് സ്വീകരിച്ചത്;

(എഫ്) തട്ടിക്കൊണ്ടുപോകലുമായി ബന്ധപ്പെട്ട് പോലീസ് കേസ്സ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിലാണ് കേസ്സ് എടുത്തിട്ടുള്ളത്; എത്രപേരെ അറസ്റ്റ് ചെയ്തു; ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ്സെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>

1855 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവർ ഉൾപ്പെട്ടിരുന്നു. ഓരോ രാഷ്ട്രീയ കൊലപാതകത്തിലെയും പ്രതികൾ ഏത് രഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരായിരുന്നു;

(ബി) ഏതെല്ലാം രാഷ്ട്രീയ കൊലപാതക കേസുകളാണ് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിയിട്ടുള്ളത്;

(സി) ഏതെല്ലാം രാഷ്ട്രീയകൊലപാതക കേസുകളിൽ ഗൂഢാലോചന സംബന്ധിച്ച പ്രത്യേക അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു; ഇപ്പോഴും അന്വേഷണത്തിലിരിക്കുന്ന ഗൂഢാലോചന കേസുകൾ ഏതൊക്കെ; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>

1856 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷമുള്ള രാഷ്ട്രീയ കൊലപാതകങ്ങൾ ഏതെല്ലാം ജില്ലകളിലാണ് നടന്നത് ; ഏത് രാഷ്ട്രീയ പാർട്ടികളിലെ ആളുകളാണ് കൊലചെയ്യപ്പെട്ടത് ; ഇതിലെ പ്രതികളുടെ രാഷ്ട്രീയ ബന്ധം എന്താണ് ; പ്രതികൾ ആരൊക്കെയാണ് ; എന്നിവ വിശദമാക്കുമോ ;

(ബി) ഏതൊക്കെ കേസുകളിൽ ഇനിയും പ്രതികളെ അറസ്റ്റു ചെയ്യുവാനുണ്ട് എന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

കൊല്ലപ്പെട്ട കോണ്‍ഗ്രസ് പ്രവര്‍ത്തകര്‍

1857 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം കോണ്‍ഗ്രസ്സിലെ ഗ്രൂപ്പ് വഴക്കുകളില്‍പ്പെട്ട എത്രപേര്‍ കൊല്ലപ്പെട്ടിട്ടുണ്ട്;

(ബി) കോണ്‍ഗ്രസ്സ് പ്രവര്‍ത്തകര്‍ കൊല ചെയ്യപ്പെട്ട എത്ര കേസുകള്‍ ഉണ്ടായിട്ടുണ്ട്; അതില്‍ അറസ്റ്റ് ചെയ്യപ്പെട്ടവരില്‍ എത്ര കോണ്‍ഗ്രസ്സ് പ്രവര്‍ത്തകര്‍ ഉണ്ടായിരുന്നു;

(സി) കോണ്‍ഗ്രസ്സ് പ്രവര്‍ത്തകര്‍ തമ്മിലുണ്ടായ സംഘട്ടനങ്ങളില്‍ സംസ്ഥാനത്ത് എത്ര പേര്‍ക്ക് പരിക്ക് പറ്റിയിട്ടുണ്ട്; എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്യപ്പെടുകയുണ്ടായി; പ്രസ്തുത കേസ്സുകളിലെല്ലാമായി എത്ര കോണ്‍ഗ്രസുകര്‍ ഉള്‍പ്പെട്ടിട്ടുണ്ട്; എത്ര പേര്‍ പ്രസ്തുത കേസ്സുകളില്‍ അറസ്റ്റുചെയ്യപ്പെടാന്‍ ഇനി നിലവിലുണ്ട്?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ ഗ്രീൻവുഡ് കോളേജിലെ ആത്മഹത്യ</u>

1858 ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പാലക്കുന്ന് ഗ്രീൻവുഡ് കോളേജിലെ ബിരുദ വിദ്യാർത്ഥിനിയായിരുന്ന ഉദുമ പാക്യാരയിലെ ഷംസീന ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; അന്വേഷണ ചുമതല ആർക്കാണ്;

(സി) ഈ കേസ്സിന്റെ അന്വേഷണ പുരോഗതി നിലവിൽ ഏത് അവസ്ഥയിലാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കൊലപാതക കേസ്സുകൾ</u>

1859 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കൊലപാതകക്കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ സമർപ്പിക്കാൻ ബാക്കിയുള്ള കേസ്സുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകൾ രജിസ്റ്റർ ചെയ്തത് എന്നാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കേസ്സുകളുടെ അന്വേഷണ ചുമതല ആർക്കാണെന്നും വിശദമാക്കുമോ ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടിയിലെ ആക്രമണങ്ങൾ</u>

1860 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ പൂക്കാട് പ്രദേശത്ത് താമസിക്കുന്ന റെയ്ഡ്കോ മലപ്പുറം ശാഖ മാനേജർ സി.പി.ഐ.(എം) പ്രവർത്തകൻ സുരേഷിനെ ആക്രമിച്ച കേസ്സിൽ പോലീസ് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നത് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സിൽ പോലീസിന്റെ അന്വേഷണം ഫലപ്രദമായി പുരോഗിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഊർജ്ജിത അന്വേഷണം നടത്തി പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

(സി) സമാനമായി പയോളിയിൽ സി.പി.ഐ.(എം) ഏരിയ സെക്രട്ടറി ചന്തുമാസ്റ്ററിന്റെ വീടിന് നേരെ ബോംബെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച സംഭവത്തിൽ പോലീസ് ഇതുവരെ നടത്തിയ അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ഡി) കൊയിലാണ്ടിയിൽ സി.പി.ഐ.(എം) പ്രവർത്തകരെയും നേതാക്കളെയും ആക്രമിച്ചതും വധിക്കാനോ, മാരകമായി പരിക്കേൽപ്പിക്കാനോ ശ്രമിച്ചതുമായ എത്ര കേസ്സുകൾ നിലനിൽക്കുന്നുണ്ട് എന്നത് ക്രൈം നമ്പർ സഹിതം വ്യക്തമാക്കുമോ;

(ഇ) ഈ കേസ്സുകളിൽ എല്ലാംതന്നെ, പോലീസിന്റെ അന്വേഷണം വേണ്ടത്ര സജീവമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് നീതി ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

തടവുകാരുടെ മോചനം

1861

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ കേസുകളിൽ ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിഞ്ഞിരുന്ന എത്ര തടവുകാരെ നാളിതുവരെ വിട്ടയച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം വിട്ടയച്ചവരിൽ കൊലക്കുറ്റത്തിനു ശിക്ഷിക്കപ്പെട്ട എത്ര പേർ ഉണ്ടെന്നതിന്റെ ജില്ല തിരിച്ച കണക്ക് ലഭ്യമാക്കുമോ;

(സി) അഴിമതിക്കേസിൽപ്പെട്ട് ശിക്ഷിക്കപ്പെട്ടവരിൽ എത്ര പേർ ഇപ്രകാരം വിട്ടയക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ ജയിലിൽ നിന്നും തടവുകാരെ മോചിപ്പിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

വാഹനാപകടം കുറയ്ക്കുന്നതിനുള്ള നടപടികൾ

1862 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം വാഹനാപകടം കുറയ്ക്കുന്നതിന് എന്തെങ്കിലും പുതിയ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>പോലീസ് വാഹനം ഇടിച്ച് അമ്മയും മകളും മരിച്ച സംഭവം</u>

1863 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നഗരത്തിനു സമീപം പോലീസ് വാഹനം ഇടിച്ച് അമ്മയും മകളും മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരാണ് പ്രസ്തുത കേസ് അന്വേഷിക്കുന്നത്;

(ഡി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഇ) കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>നെടുമങ്ങാട് പോലീസ് എയ്ഡ് പോസ്റ്റ്</u>

1864 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്ക് ആസ്ഥാനത്ത് മാർക്കറ്റ് ജംഗ്ഷൻ കേന്ദ്രീകരിച്ച് പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കും എന്ന നിർദ്ദേശം നടപ്പിലാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർദ്ദിഷ്ട എയ്ഡ് പോസ്റ്റ് തുടങ്ങുന്നതിന് ആവശ്യമായ സ്ഥലം ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് നെടുമങ്ങാട് നഗരസഭയ്ക്ക് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത കത്ത് നൽകിയത് എന്നാണ്;

(ഡി) നെടുമങ്ങാട് നഗരസഭയുമായി ബന്ധപ്പെട്ട് മാർക്കറ്റ് ജംഗ്ഷനിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>പോലീസ് ഓഫീസർമാർക്കെതിരെ വനിതകൾ സമർപ്പിച്ച പരാതി</u>

1865 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൻസിപ്പൽ എസ്. ഐ മാർക്കെതിരെ സംസ്ഥാന പോലീസ് ചീഫ് ഓഫീസിൽ വനിതകൾ സമർപ്പിച്ച പരാതിയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസ്സുകൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്; സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ഒന്നിൽ കൂടുതൽ തവണ ശിക്ഷിക്കപ്പെട്ട പ്രിൻസിപ്പൽ എസ്. ഐ മാർ എത്ര പേർ കേരളത്തിലുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ടൂറിസം മേഖലയിലെ പോലീസ് സ്റ്റേഷനുകൾ</u>

1866 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയിൽ കൂടുതൽ പോലീസ് സ്റ്റേഷനുകളോ എയ്ഡ്പോസ്റ്റുകളോ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെല്ലാം;

(ബി) ആലപ്പുഴയിൽ ചുങ്കം പള്ളാത്തുരത്തിയിലെ പോലീസ് എയ്ഡ്പോസ്റ്റും അതിനോടനുബന്ധിച്ചുള്ള നാലു ക്വാർട്ടേഴ്സുകളും ജീർണ്ണാവസ്ഥയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശത്തിലെ ടൂറിസം വികസനത്തിന്റെ സാധ്യതയ്ക്കനുസരിച്ച് ഈ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി നവീകരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കൊല്ലം റൂറൽ എസ്.പി. ആഫീസ് നിർമ്മാണം</u>

1867 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ എസ്.പി. ആഫീസ് നിർമ്മാണത്തിന് കെ.ഐ.പി. ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ആസ്ഥാനമന്ദിര നിർമ്മാണത്തിനായി ആഭ്യന്തര വകുപ്പ് എത്ര തുക അനുവദിച്ചിരുന്നു;എന്നാണ് അനുവദിച്ചത്; വിശദമാക്കാമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ചാത്തന്നൂരിൽ എ. സി. പി.ഓഫീസ് കെട്ടിടനിർമ്മാണ ചെലവ്</u>

1868 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് ഓഫീസ് കെട്ടിടം പുതുതായി നിർമ്മിക്കപ്പെട്ടത് എത്ര രൂപാ അടങ്കൽ തുകയ്ക്കാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ആവശ്യമായ തുക ഏതൊക്കെ ഫണ്ടിൽ നിന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>കുന്ദമംഗലം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>

1869 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുന്ദമംഗലത്ത് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടവും പോലീസുകാർക്ക് ക്വാർട്ടേഴ്സും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>പെരിങ്ങോട്ടുകര പോലീസ് സ്റ്റേഷന്‍</u>

1870 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തില്‍പ്പെടുന്ന പെരിങ്ങോട്ടുകരയില്‍ ആഭ്യന്തര വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പോലീസ് സ്റ്റേഷന്‍ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികള്‍ ഏതുവരെയായെന്ന് വിശദമാക്കുമോ;

(ബി) പെരിങ്ങോട്ടുകരയില്‍ പുതിയ പോലീസ് സ്റ്റേഷന്‍ ആരംഭിക്കുന്നതിന് വകുപ്പുതല ക്രമീകരണങ്ങള്‍ ഏര്‍പ്പെടുത്തുവാന്‍ നടപടികള്‍ സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിലുണ്ടാകുന്ന കാലതാമസം പരിഹരിക്കാന്‍ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>കാര്‍ട്ടൂണ്‍ മ്യൂസിയത്തിന് നേരേയുള്ള ആക്രമണം</u>

1871 ശ്രീ.സി.കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കായംകുളം കൃഷ്ണപുരം അതിര്‍ത്തിച്ചിറയില്‍ കാര്‍ട്ടൂണ്‍ മ്യൂസിയത്തിനായി നിര്‍മ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ വാതിലുകളും ജനാലകളും കെട്ടിടത്തിനുള്ളില്‍ സ്ഥാപിച്ചിരുന്ന സാനിട്ടറി ഫിറ്റിങ്ങുകളും മറ്റും തകര്‍ത്ത സംഭവത്തില്‍ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത കേസിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് പോലീസ് പട്രോളിംഗ് ശക്തമാക്കുന്നതിനും പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>അരൂർ മണ്ഡലത്തിൽ പോലീസ് എയ്ഡ് പോസ്റ്റ്</u>

1872 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്ക് ആശുപത്രിയോട് ചേർന്ന് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

മലപ്പുറം കൊളത്തൂർ പോലീസ് സ്റ്റേഷൻ അതിർത്തി പുനർനിർണ്ണയം

1873 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നഗരത്തിന്റെ രണ്ടു കി.മി. പരിധിയിൽ സ്ഥിതിചെയ്യുന്ന കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, പെരിങ്ങോട്ടുപുലം, മുണ്ടക്കോട്, പരുവമണ്ണ പ്രദേശങ്ങൾ ഇപ്പോഴും 20 കി.മി. ദൂരത്തുള്ള കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് സ്റ്റേഷൻ അതിർത്തി പുനർനിർണ്ണയം സംബന്ധിച്ച് ആഭ്യന്തര വുകപ്പിൽ നിലവിലുള്ള ഇ1/21566/12 നമ്പർ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കണ്ണൂർ, ചെറുപുഴയിൽ പുതിയ പോലീസ് സ്റ്റേഷൻ</u>

1874 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ്സ്റ്റേഷൻ വിഭജിച്ച് ചെറുപുഴ പഞ്ചായത്ത് കേന്ദ്രീകരിച്ച് പുതുതായി പോലീസ്സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഡി.ജി.പി.യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ചെറുപുഴയിൽ പുതുതായി പോലീസ്സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>വിജിലൻസ് കേസിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ</u>

1875 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസ് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൈക്കൂലി കേസ്സിൽ എത്ര സർക്കാർ ഉദ്യോഗസ്ഥരെ അറസ്റ്റുചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അറസ്റ്റിലായ സർക്കാർ ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള കണക്കും കൈക്കൂലി വാങ്ങിയ തുകയും, അവരുടെ വകുപ്പും വ്യക്തമാക്കുമോ;

(സി) ഇവരിൽ എത്ര പേർ ഇപ്പോഴും ജയിലിൽ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരിൽ എത്ര പേർക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>സ്വകാര്യബസ്സുകളിലെ പോലീസുകാരുടെ അനധികൃതയാത്ര</u>

1876 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യബസ്സുകളിൽ ടിക്കറ്റ് ചാർജ് കൊടുക്കാതെ സൗജന്യയാത്ര നടത്തുന്ന പോലീസുകാരെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിനീഷ് ബാബു. കെ.വി, കീരീന്റെ വളപ്പിൽവീട്, പുറങ്കര, വടകര ബീച്ച് പി.ഒ, എന്ന സ്വകാര്യ ബസ് കണ്ടക്ടർ കോഴിക്കോട് നടക്കാവ് പോലീസിനെക്കുറിച്ച് നൽകിയ പരാതിയിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യബസ്സുകളിൽ അനധികൃതമായി സൗജന്യയാത്ര നടത്തുന്ന പ്രവണത പോലീസ് ഉദ്യോഗസ്ഥരിൽ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

ഭൂമി തട്ടിപ്പുകേസുകളുടെ അന്വേഷണം

1877 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' ബി. സത്യൻ
'' എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടകംപള്ളിയിലേയും ഇടപ്പള്ളി പത്തടിപ്പാലത്തേയും ഭൂമി തട്ടിപ്പു കേസുകളുടെ അന്വേഷണം സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതിയുടെ വിധി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; കോടതി നടത്തിയ നിരീക്ഷണങ്ങൾ വിശദമാക്കുമോ ;

(സി) വിധിയിൽ മുഖ്യമന്ത്രിയേയും ഓഫീസിനേയും കുറിച്ച് നടത്തിയ വിമർശനങ്ങൾ എന്തായിരുന്നു ; വിധി പകർപ്പ് ഉദ്ധരിച്ച് വിശദീകരിക്കുമോ ;

(ഡി) സലിംരാജ് ഭൂമി തട്ടിപ്പുകൾ നടത്തിയത്, മുഖ്യമന്ത്രിയുടെ ഗൺമാൻ എന്ന നിലയിലുള്ള സ്വാധീനം ഉപയോഗിച്ചു കൊണ്ടാണെന്ന് കോടതി കണ്ടെത്തിയിട്ടുണ്ടോ ; മുഖ്യമന്ത്രിയുടെ ഉത്തരവാദിത്തം സംബന്ധിച്ച കോടതി വിധിയിലെ പരാമർശം എന്തായിരുന്നു ;

(ഇ) വിജിലൻസ് അന്വേഷണം തൃപ്തികരമല്ലെന്നും സംസ്ഥാന സർക്കാരിന്റെ ഏത് ഏജൻസി അന്വേഷിച്ചാലും നീതി ലഭിക്കില്ലെന്നും കോടതിയെ സമീപിച്ച പരാതിക്കാരൻ ആക്ഷേപം ഉന്നയിച്ചിരുന്നുവോ ; പരാതിക്കാരുടെ ഉടമസ്ഥതയിലുള്ള ഭൂമി തട്ടിയെടുക്കാൻ റവന്യൂ വകുപ്പിലെ ഉന്നതരുമായി ചേർന്ന് ഗൂഡാലോചന നടത്തിയതായി പറയപ്പെടുന്ന ഉന്നതർ ആരൊക്കെയായിരുന്നു ;

(എഫ്) ഹൈക്കോടതി വിധി പൂർണ്ണമായും സ്റ്റേ ചെയ്യാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; താൽക്കാലികമായി സ്റ്റേ ചെയ്ത രണ്ട് വാചകങ്ങൾ എന്താണെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

### പോലീസ് കസ്റ്റഡിയിലെ വാഹനങ്ങൾ

1878 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ലാതെ മഴയും വെയിലുമേറ്റ് തുരുമ്പെടുത്ത് നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് റൂറൽ പരിധിയിലെ ഓരോ സ്റ്റേഷനിലും വർഷങ്ങളായി നടപടിയാകാതെ കിടക്കുന്ന എത്ര വാഹനങ്ങളുണ്ട് എന്ന് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇങ്ങനെ കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങളിൽ നിന്നും ബാറ്ററി, സ്റ്റീരിയോ സിസ്റ്റം, ഇൻഡിക്കേറ്റർ മുതലായവ മോഷണം പോകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോഴിക്കോട് റൂറലിലെ ഏതെങ്കിലും സ്റ്റേഷനിൽ ഇത്തരത്തിൽ ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഇ) പോലീസ് കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ നടപടി പൂർത്തിയാക്കി കാലതാമസം കൂടാതെ ഉടമയ്ക്ക് വിട്ടുകൊടുക്കുന്നതിനോ ലേലം ചെയ്യുന്നതിനോ സാധ്യമാകത്തക്കവിധത്തിൽ നടപടി ക്രമങ്ങളിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>ടാങ്കർ ലോറി അപകടങ്ങൾ</u>

1879 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ടാങ്കർ ലോറി അപകടങ്ങൾ ഇല്ലാതാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) ടാങ്കർ ലോറി അപകടങ്ങൾ കൂടുതലായി ഉണ്ടാകുന്ന കണ്ണൂർ ജില്ലയിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനായി ഫയർ ഫോഴ്സിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിൽ സബ് ഇൻസ്പെക്ടർമാർ</u>

1880 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് ഇൻസ്പെക്ടർ റാങ്കിലുള്ളവർ ഉൾപ്പെടെ മൂന്നു വർഷം തുടർച്ചയായി കാസറഗോഡ് ജില്ലയിൽ പ്രവർത്തിച്ച പോലീസ് ഉദ്യോഗസ്ഥരുടെ വിവരം ലഭ്യമാക്കുമോ;

(ബി) ഒരു പോലീസ് സ്റ്റേഷനിൽ പരമാവധി എത്ര വർഷമാണ് ഒരുദ്യോഗസ്ഥന് തുടരാൻ വ്യവസ്ഥയുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധമായ വ്യവസ്ഥയ്ക്ക് വിരുദ്ധമായി തുടരുന്നവരെ സ്ഥലം മാറ്റി നിയമിക്കാൻ നിർദ്ദേശം നല്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

**ജില്ല സായുധ സേനകളിലെ റിസർവ്വ് സബ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ്**

1881 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിലെ ജില്ലാ സായുധസേനകളിൽ റിസർവ്വ് സബ് ഇൻസ്പെക്ടർമാരുടെ 1990-96 കാലഘട്ടത്തിലെ സീനിയോറിറ്റിയെ സംബന്ധിച്ച് 29.8.2006 ൽ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചും 29.11.2010 ൽ ബഹു. സുപ്രീം കോടതി ഡിവിഷൻ ബഞ്ചും എന്തെങ്കിലും വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിധികൾ പ്രകാരം, നേരിട്ട് നിയമിതരായ റിസർവ് സബ് ഇൻസ്പെക്ടർമാരിൽ 47 പേരിൽ എത്രപേരുടെ സീനിയോറിറ്റി പുന:ക്രമീകരിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മേൽ പരാമർശിച്ച 47 പേരിൽ അധികമായി നിയമിതരായിട്ടുള്ളവർ നിലവിൽ ഏതെല്ലാം റാങ്കിൽ സേവനമനുഷ്ഠിച്ച് വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലാ സായുധ സേനകളിൽ മേൽപ്പറഞ്ഞ കാലയളവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എ.എസ്.ഐ. മാരായി നേരിട്ട് നിയമിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരായ ഉദ്യോഗസ്ഥന്മാരുടെ സീനിയോറിറ്റി മേൽപ്പറഞ്ഞ കോടതിവിധികൾ പ്രകാരം പുന:ക്രമീകരിച്ച് അർഹമായ സ്ഥാനക്കയറ്റം നൽകാതിരിക്കുവാനുള്ള കാരണങ്ങൾ വിശദമാക്കാമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>പോലീസ് വകുപ്പിലെ ഒഴിവുകൾ നികത്തൽ</u>

1882 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ സിവിൽ പോലീസ് ഓഫീസർ ഉൾപ്പെടെ മതിയായ ജീവനക്കാരില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം നൽകുമോ;

(ബി) പോലീസ് വകുപ്പിലെ ഒഴിവുകൾ നികത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിൽ പോലീസ് വകുപ്പിലെ വിവിധ ജീവനക്കാരുടെ ഒഴിവുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദവിവരം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>പ്രൊഫഷണൽ ഡിഗ്രിയുള്ള മുപ്പത് വർഷം പൂർത്തിയായ പോലീസുദ്യോഗസ്ഥർ</u>

1883 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുപ്പത് വർഷം സർവ്വീസ് പൂർത്തിയാക്കിയ പ്രൊഫഷണൽ ഡിഗ്രിയുള്ളവർ എത്ര പേർ പോലീസ് സേനയിലുണ്ട് ;

(ബി) നിലവിലുള്ള റാങ്കിൽ നിന്ന് ഇവർക്ക് പ്രമോഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>വനിതാ പോലീസുകാരുടെ സ്ഥാനക്കയറ്റം</u>

1884 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ പ്രൊമോഷൻ ഏത് കാലയളവ് വരെ നടന്നുവെന്ന് വിശദമാക്കാമോ;

(ബി) വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ പ്രമോഷന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ, എന്താണെന്ന് വിശദമാക്കാമോ;

(ഡി) വനിതാ കോൺസ്റ്റബിൾമാരുടേയും പുരുഷ കോൺസ്റ്റബിൾമാരുടേയും സീനിയോറിറ്റി ലിസ്റ്റ് ഒരുമിച്ചാണോയെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>പോലീസ് വകുപ്പിൽ വനിതാ എസ്.ഐ. നിയമനങ്ങൾ</u>

1885 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് നിയമനത്തിന് നിലവിൽ എത്ര ശതമാനം ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്;

(ബി) എസ്.ഐ. നിയമനത്തിന് വനിതകൾക്ക് പ്രത്യേക തസ്തികകൾ സംവരണം ചെയ്യുമോ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>വാഹന പരിശോധന</u>

1886 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വാഹന പരിശോധനയുടെ പേരിൽ പോലീസുകാർ ജനത്തെ തടഞ്ഞുനിർത്തി അനാവശ്യമായി പീഡിപ്പിക്കുന്നതായും അപമര്യാദയായി പെരുമാറുന്നതായുമുളള പരാതി ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പരാതികളുടെ അടിസ്ഥാനത്തിൽ ഈ സർക്കാർ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; അവർ ആരെല്ലാം; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>വേഗപരിധി ലംഘനം നടത്തി പിഴയടച്ചവർ</u>

1887 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വേഗപരിധിലംഘനം നടത്തിയ എത്ര വാഹനങ്ങളുടെ ഉടമസ്ഥർക്കാണ് 2014 ജനുവരി മുതൽ ഇതുവരെ പിഴ ഈടാക്കിയത്; ഈയിനത്തിൽ എത്ര തുക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

എ.റ്റി.എം. കൗണ്ടറുകളുടെ സുരക്ഷ

1888 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ബാങ്കുകളുടെ എത്ര എ.ടി. എമ്മുകൾ കാവൽക്കാരില്ലാതെ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എ.ടി.എമ്മുകളുടെയും അവിടെയെത്തുന്നവരുടെയും സുരക്ഷ ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; എ.ടി.എമ്മുകളിൽ പണം പിൻവലിക്കാൻ എത്തിയവർ ആക്രമിക്കപ്പെട്ട സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>നഷ്ടപ്പെട്ടതും കളവുപോയതുമായ മൊബൈൽ ഫോണുകൾ</u>

1889 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഷ്ടപ്പെട്ടതും കളവുപോയതുമായ മൊബൈൽ ഫോണുകൾ കണ്ടെത്തികൊടുക്കുന്നതിനായി കഴിഞ്ഞ 3 വർഷത്തിനുള്ളിൽ തിരുവനന്തപുരം പോലീസ് സൈബർ സെല്ലിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇവയിൽ എത്ര പരാതികൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ട്;

(സി) പോലീസ് സൈബർ സെൽ ആസ്ഥാനത്ത് ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കണ്ടെത്തിയ മൊബൈൽ ഫോണുകളിൽ പരാതിക്കാരന് നൽകാത്തതായി അവശേഷിക്കുന്നവ എത്രയെണ്ണമുണ്ടെന്ന് പറയാമോ;

(ഇ) നഷ്ടപ്പെട്ട മൊബൈൽ ഫോണുകൾ കണ്ടെത്തിക്കഴിഞ്ഞാൽ പരാതിക്കാരനെ അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>പുതിയ പോലീസ് സ്റ്റേഷനുകൾ</u>

1890 ശ്രീ.മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**അഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു; ഇത് എവിടെയൊക്കെയാണ്;

(ബി) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരണവുമായി ബന്ധപ്പെട്ട (E/Home/14919/2014) ഫയലിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>നിലവാരമില്ലാത്ത ബാറുകൾ അടച്ചതിന് ശേഷമുള്ള സാമൂഹ്യ അവസ്ഥ</u>

1891 **ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവാരമില്ലാത്ത ബാറുകൾ അടച്ചതിന് ശേഷമുള്ള സാമൂഹികാവസ്ഥയെ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ;

(ബി) മദ്യം ഉപയോഗിച്ചതുകൊണ്ടുണ്ടാകുന്ന സംഘട്ടനങ്ങൾ, റോഡപകടങ്ങൾ, ഗാർഹിക പീഡനം എന്നിവയിൽ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കാമോ; എത്ര ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>വൈപ്പിനിൽ ഫയർ സ്റ്റേഷൻ</u>

1892

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കൊച്ചിൻ റിഫൈനറി, ഐ.ഒ.സി., പെട്രോനെറ്റ്, എൽ.എൻ.ജി, വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ തുടങ്ങിയ വൻപദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മണ്ഡലമായ വൈപ്പിനിൽ ഫയർ സ്റ്റേഷൻ നിലവിലില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൈപ്പിനിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

ആലപ്പുഴ ഫയർസ്റ്റേഷനിലെ ഒഴിവുകൾ നികത്തൽ

1893 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ അനുവദനീയമായ തസ്തികകൾ എത്ര; നിലവിൽ ഓരോ തസ്തികയിലും ജോലി ചെയ്യുന്നവർ എത്ര; ഓരോ തസ്തികയിലും എത്ര ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ബി) നിലവിലുണ്ടായിരുന്ന ജീവനക്കാരിൽ എത്ര പേരെ അടുത്തകാലത്ത് സ്ഥലംമാറ്റി ഉത്തരവായിട്ടുണ്ട്. ഇവർക്ക് പകരം ആളെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയപാത, തീരദേശം, കനാലുകൾ, കയർ ഫാക്ടറികൾ, ചെമ്മീൻ ഫാക്ടറികൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങളിൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തേണ്ട ആലപ്പുഴ ജില്ലാ ഫയർ സ്റ്റേഷനിലെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താനും ആവശ്യമായ അധികതസ്തിക സൃഷ്ടിക്കാനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

പട്ടാമ്പിയിലെ ഫയർസ്റ്റേഷൻ നിർമ്മാണം

1894 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പട്ടാമ്പി ടി. ബി. കോമ്പൗണ്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ;

(സി) പി. ഡബ്ള്യു.ഡി, ടി. ബി. കോമ്പൗണ്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ സ്ഥലം അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>വടക്കഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ പുതിയ മന്ദിര നിർമ്മാണം</u>

1895 ശ്രീ. എ.കെ ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ പുതിയ മന്ദിര നിർമ്മാണത്തിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.റ്റി.സി. ഡിപ്പോ പരിസരത്ത് നിന്നും ഫയർ സ്റ്റേഷനുള്ള സ്ഥലം കൈമാറി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കുമോ;

(സി) കെ.എസ്.ഇ.ബി. വടക്കഞ്ചേരി സബ് സ്റ്റേഷൻ പരിസരത്തു നിന്നും നിർദ്ദിഷ്ട ഫയർസ്റ്റേഷനിലേക്ക് വഴിക്കുള്ള സ്ഥലം കെ.എസ്.ഇ.ബി. വിട്ടുതരാൻ തരാൻ തയ്യാറായിട്ടുണ്ടോ;

(ഡി) ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി ഏതുവരെയായി; ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ

1896 ശ്രീ. കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഫയർ & റെസ്ക്യൂ കമാണ്ടന്റ് ജനറൽ പ്രസ്തുത വിഷയത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സ്റ്റേഷന് ആവശ്യമായ സ്ഥലം നഗരസഭ വിട്ടുനൽകാൻ തയ്യാറായിട്ടുള്ള സാഹചര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>സര്‍ക്കാര്‍ ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച</u>
<u>വിജിലന്‍സ് അന്വേഷണം</u>

1897 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അഴിമതിയുമായി ബന്ധപ്പെട്ട് സര്‍ക്കാര്‍ ഉദ്യോഗസ്ഥന്മാര്‍ക്കെതിരെ എത്ര കേസുകള്‍ വിജിലന്‍സ് അന്വേഷണത്തിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) 2013 ജനുവരി മുതല്‍ ഡിസംബര്‍ 31 വരെ എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

സേവനാവകാശ നിയമം -വിജിലൻസ് പരിശോധന

1898 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമത്തിന് വിരുദ്ധമായി നഗരസഭകളിൽ നടക്കുന്ന പ്രവൃത്തികൾ കണ്ടെത്തുന്നതിനായി വിജിലൻസ് വിഭാഗം നഗരസഭകളിൽ പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

പാലക്കാട് ജില്ലാതല വിജിലൻസ് കമ്മിറ്റി മുമ്പാകെയുള്ള പരാതികൾ

1899 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാതല വിജിലൻസ് കമ്മിറ്റി മുമ്പാകെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര എണ്ണം തീർപ്പാക്കി;

(സി) ഏതെങ്കിലും കേസുകളിൽ വകുപ്പുതല അന്വേഷണത്തിനോ മറ്റുള്ള അന്വേഷണത്തിനോ ശുപാർശ നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമാണോ; കമ്മിറ്റി ശക്തിപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>വനംവകുപ്പിൽ നിന്ന് തുടർച്ചയായി ഗവേഷണാനുമതി - വിജിലൻസ് അന്വേഷണം</u>

1900 ശ്രീ. സണ്ണി ജോസഫ്
,, ഐ.സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിന്ന് തുടർച്ചയായി ഗവേഷണാനുമതി നൽകിയതുമായി ബന്ധപ്പെട്ട പരാതിയിൻമേൽ വിജിലൻസ് അന്വേഷണം നടത്താനുദ്ദേശിക്കുന്നുണ്ടോ വിശദമാക്കുമോ;

(ബി) ആരാണ് പരാതി നൽകിയത് വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആർക്കെതിരെയാണ് അന്വേഷണം നടത്തുന്നത് വിശദമാക്കുമോ;

(ഡി) എന്തെല്ലാം കാര്യങ്ങളാണ് അന്വേഷണ പരിധിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>വിജിലൻസിന് സ്വതന്ത്ര പദവി</u>

1901 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് വിഭാഗം പോലീസ് സേനയിൽ നിന്നും വേർപ്പെടുത്തി സ്വതന്ത്ര സംവിധാനമാക്കുമോ;

(ബി) മികച്ച ഭരണത്തിനും ഓഡിറ്റിംഗിനും പ്രാപ്തരായ ഉദ്യോഗസ്ഥ വിഭാഗത്തിന് കീഴിൽ പ്രസ്തുത സംവിധാനം പുനഃസംഘടിപ്പിക്കുമോ;

(സി) പി.എസ്.സി. യിലെ വിജിലൻസ് വിഭാഗം സർക്കാർ നിയന്ത്രണത്തിലാക്കുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>കാസർകോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകൾ</u>

1902 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കേസുകളിലാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

തിരുവനന്തപുരം ജില്ലയിലെ ജയിൽ വാർഡൻമാരുടെ നിയമനം

1903 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ജയിൽ വാർഡൻമാരുടെ നിയമനത്തിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുക;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) നിലവിൽ വാർഡൻമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ബാക്കിയുളള വാർഡൻമാരുടെ ഒഴിവുകളിലേക്ക് പി. എസ്. സി റാങ്ക് ലിസ്റ്റിൽ നിന്നും മുഴുവൻ പേരെയും നിയമിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>തിരുവനന്തപുരം ഡിവിഷനിലെ മെയിൽ വാർഡൻമാരുടെ ഒഴിവുകൾ</u>

1904 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ തിരുവനന്തപുരം ഡിവിഷനിലെ മെയിൽ വാർഡൻമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?